ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : കൈത്തറി തുണി വിദേശത്ത് കയറ്റി അയക്കാനുള്ള ഓർഡർപ്രകാരം ബോംബെയിലെ ലീലാ ലെയ്സ്, മദ്രാസിലെ ഡക്കാൺ എൻടർപ്രൈസസ്, മദ്രാസിലെതന്നെ വിക്രാൻ കമ്പനി എന്നീ മൂന്നു കമ്പനികളും ഹാൻഡ്ലൂം ഡെവലപ്പ്മെൻറ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥൻമാരുടെ ഒത്താശയോടെ തുണികയറ്റി അയച്ച് കള്ള വൗച്ചർ എഴുതി പണം തട്ടിയെടുത്തതിനെക്കുറിച്ച് സി. ബി. ഐ. യെ ക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. ഇ. അഹമ്മദ് : കൈത്തറിത്തുണി ഹാൻഡ്ലൂം ഡെവലപ്പ്മെൻറ് കോർപ്പറേഷൻ നല്കിയിട്ടുള്ള കാട്ടുപ്രകാരമാണ് കയറ്റി അയച്ചിരുന്നത്. അത് കോർപ്പറേഷനേറയല്ല, ഇപ്പോഴുള്ള ചില കമ്പനികളുടേതാണെന്നും, അത് തെറ്റാണെന്നുമുള്ള കാര്യങ്ങൾ ഗവർമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടപ്പോൾ അതേക്കുറിച്ചുള്ള ശരിയായ നടപടികൾ എടുക്കേണ്ടതു ബോർഡാണ് എന്നുള്ളതുകൊണ്ട് അത് ബോർഡ് അന്വേഷിച്ചുവരികയാണ്. ഇതിനും പുറമേ ഉദ്യോഗസ്ഥൻമാർ കുറ്റം ചെയ്തിട്ടുണ്ടോ എന്നു കണ്ടു പിടിക്കാനായി വിജിലൻസിനെ ഗവൺമെൻറ് ഈ കേസ് റഫർ ചെയ്തിരിക്കുകയുമാണ്.

വനവിഭവങ്ങൾ

*241 (262) ശ്രീ. സി. ടി. അഹമ്മദ് അലി :
,, പി. സീതി ഹാജി :
,, പി. എം. അബൂബക്കർ :
,, പി. വി. മുഹമ്മദ് :
,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന വനവിഭവങ്ങൾ ഏതെല്ലാം ;

(ബി) സംസ്കരിച്ചും ഉപകരണങ്ങളാക്കിയും കയറ്റുമതി ചെയ്യുന്ന വനവിഭവങ്ങൾ ഏതെല്ലാം ;

(സി) തൻമൂലമുള്ള ശരാശരി പ്രതിവർഷ വരുമാനമെത്ര?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) വീട്ടി, തേക്ക്, ചന്ദനം, തേമ്പാവ് തുടങ്ങിയ തടികൾ മുള, ആനക്കൊമ്പ്, മറ്റ് ചെറുകിട വനവിഭവങ്ങൾ, പച്ചമരുന്നുകൾ, തടിയിൽ നിന്നും ലഭിക്കുന്ന ഓയിലുകൾ, പശ, വാർണിഷുകൾ, മരത്തൊലികൾ, വേരുകൾ, ചന്ദനത്തടിയുടേയും വീട്ടിമരത്തിൻേറയും വേരുകൾ, കരിമരങ്ങളുടെ ഇലകളും പൂവുകളും ഫലങ്ങളും, പുല്ലുകൾ, ഈറ തുടങ്ങിയ ചെറുതരം ചെടികൾ, തേൻ, മെഴുക്, കോലരക്ക്, മുകിൽമണ്ണ്, പാറ, ചെങ്കല്ല്, ചുണ്ണാമ്പുകല്ല്, മിനറൽസ്, മിനറൽസ് ഓയിൽ തുടങ്ങിയവ ഇവയിൽ ഉൾപ്പെടും.

(ബി) പ്ലൈവുഡ്, വെനീർ ഗൃഹോപകരണങ്ങൾ, ഗൃഹനിർമ്മിതാവശ്യമുള്ള സാധനങ്ങൾ, കരകൗശലവസ്തുക്കൾ, ചന്ദനത്തൈലം, ചന്ദന ചിപ്സ് ഈ വിഭവങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ നേരിട്ടല്ല ഈ വിഭവങ്ങൾ കയറ്റുമതി ചെയ്യുന്നത്. പൊതുമേഖലാസ്ഥാപനങ്ങളും, സ്വകാര്യ സ്ഥാപനങ്ങളുമാണ് കയറ്റുമതി നടത്തുന്നത്. കൂടാതെ കരകൗശല കോർപ്പറേഷനും വനവിഭവങ്ങൾകൊണ്ടുണ്ടാക്കിയ സാധനങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. ഇതിൽനിന്നുള്ള പ്രതിശീർഷ വരുമാനം കണക്കാക്കുവാൻ പ്രയാസമാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : മുള ഉല്പാദനത്തിന് വേണ്ടി പ്രത്യേക പദ്ധതി നടപ്പാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ വ്യക്തമാക്കിയതായിരുന്നു. ഇത് സംബന്ധിച്ച് എന്ത് നടപടികൾ എടുത്തു എന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ബഹു:മെമ്പർ പറഞ്ഞത് ശരിയാണ്, ഞാൻ മുമ്പ് തേക്ക് തോട്ടത്തിന്റെ ഒരിടവിളകൃഷിയെന്ന നിലയിൽ മുളയുടെ ഉല്പാദനത്തിനുവേണ്ടിയൊരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നു പറഞ്ഞു. ഏതാണ്ട് ഒരു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷം രൂപയുടെ ഒരു പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. കഴിഞ്ഞ വർഷം മുതൽ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ ഏതാണ്ട് 3,550 ഹെക്ടർ സ്ഥലത്ത് പുതുതായി മുള വച്ചു പിടിപ്പിക്കാൻ കഴിയുമെന്നാണ് ഗവർമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സി. ടി. അഹമ്മദ് അലി : പ്രാചീനകാലഘട്ടംതൊട്ടുതന്നെ കേരളത്തിലെ വനവിഭവങ്ങൾ പ്രസിദ്ധമായിരുന്നു. കൂടുതൽ ലോകവിപണി കണ്ടെത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഒരു സംഘത്തെ വിദേശരാജ്യങ്ങളിലേക്ക് അയക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇവിടെ ഇപ്പോൾ സാധനം ഇല്ലാത്ത കുറവ് മാത്രമേയുള്ളൂ, പുറത്ത് മാർക്കറ്റിന് കുറവില്ല.

ശ്രീ. പി. സീതിഹാജി : വനവിഭവങ്ങളുടെ ക്ഷാമം മൂലം കേരളത്തിലെ പല ഫാക്ടറികളും പൂട്ടിക്കിടക്കുകയാണ്. അവയ്ക്കാവശ്യമായ റോമെറ്റീരിയൽസ് കൊടുക്കുന്നതിന് വല്ല പദ്ധതികളും ഗവർമെന്റ് ആവിഷ്ക്കരിക്കുന്നുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇവിടെ വനവിഭവങ്ങൾക്ക് ക്ഷാമം വരുവാനുണ്ടായ കാരണം ക്ലിയർഫെല്ലിംഗ് നിർത്തിയതാണ്. സെലക്ഷൻ ഫെല്ലിംഗ് മാത്രമേ നടത്തുന്നുള്ളൂ. അങ്ങനെ നടത്തുന്നതിൽ നിന്ന് കിട്ടുന്നത് കൃത്യമായി എല്ലാ ഫാക്ടറികൾക്കും കൊടുക്കാൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. പി. സീതിഹാജി : ആനക്കൊമ്പ് വളരെ വരുമാനമുള്ള ഒരു സാധനമാണ്. പക്ഷേ കേരളത്തിലെ പല വനങ്ങളിലും ആനകളെ കൊലചെയ്യുന്നത് ഒരു നിത്യസംഭവമായി മാറിയിരിക്കുകയാണ്. ആ കുറ്റവാളികളെ 302-ാം വകുപ്പിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : കുറ്റവാളികളെ കിട്ടിക്കഴിഞ്ഞാൽ കഠിനമായിട്ടുള്ള ശിക്ഷ കൊടുക്കുന്ന നിയമമാണ് ഇപ്പോൾ നിലവിലുള്ളത്.

ശ്രീ. പി. എം. അബൂബക്കർ : മരത്തടികൾ സംസ്ക്കരിച്ചും ഉപകരണങ്ങളാക്കിയും മാറ്റുന്ന രണ്ട് പ്രധാനപ്പെട്ട സ്ഥാപനങ്ങൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുണ്ട്; ആലുവായിലുള്ള ഫോറസ്റ്റ് ഇൻഡസ്ട്രീസ്,

LIBRARY ARCHIVES Kerala Legislative Assembly

നിലമ്പൂരിലുള്ള വുഡ് കോംപ്ലക്സ്. ഈ ഓരോ ഫാക്ടറിയിലുമുള്ള ടേൺ ഓവർ എത്രയാണ്? അത് ലാഭത്തിലാണോ നഷ്ടത്തിലാണോ നടക്കുന്നത്? ആ കണക്കുകൂടി മേശപ്പുറത്ത് വയ്ക്കാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അതിന്റെ ലാഭനഷ്ടക്കണക്ക് ഇപ്പോൾ പറയാൻ കഴിയുകയില്ല. നിലമ്പൂർ വുഡ് ഇൻഡസ്ട്രീസ് അതിന്റെ ഉല്പാദനമാരംഭിച്ചിട്ട് കുറച്ച് നാളുകളേ ആയിട്ടുള്ളൂ.

ശ്രീ. പി. വി. മുഹമ്മദ് : വിദേശത്തയക്കുന്ന വനവിഭവങ്ങളുടെ ഗുണനിലവാരം കുറയുന്നുവെന്ന പരാതിയുള്ളതുകൊണ്ട് അത് തിരുത്തിച്ചെടുത്തുവാൻ വല്ല നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : കയറ്റി അയക്കുന്നത് ഗവൺമെന്റല്ല, പൊതുമേഖലാ സ്ഥാപനങ്ങളും, സ്വകാര്യ മേഖലാ സ്ഥാപനങ്ങളും ആണ്. ആ നിർദ്ദേശം തീർച്ചയായും ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ് : മരത്തടികളെ സംസ്കരിച്ച് ഉപകരണങ്ങളാക്കി കയറ്റുമതി ചെയ്യാൻ കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി തൊഴിൽ സൗകര്യം വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇപ്പോഴത്തെന്നെ ഉള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനാവശ്യമായ മരങ്ങൾ നമുക്ക് കൊടുക്കാൻ പ്രയാസമാണ്. ഇതിൽ പലരും പുറത്തുനിന്ന് കൊണ്ടുവന്നിട്ടാണ് അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നത്. ആ സാഹചര്യത്തിൽ പുതിയ സ്ഥാപനങ്ങളുണ്ടാക്കുന്നതുകൊണ്ട് വലിയ പ്രയോജനമുണ്ടാകുമെന്ന് തോന്നുന്നില്ല.

ശ്രീ. സി. കെ. തങ്കപ്പൻ : കൊല്ലത്ത് കിളികൊല്ലൂരിൽ ഒരു വർക്ക് ഷാപ്പിന്റെ മുമ്പിൽ കിടന്നിരുന്ന പോലീസ് വാഹനത്തിൽനിന്ന് കുളത്തൂപ്പുഴ വനങ്ങളിൽനിന്നുള്ള ഉയർന്നതരം തടികൾ കടത്തിക്കൊണ്ടുവന്നത് പിടിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? പത്രങ്ങളിലൊക്കെ വാർത്ത വന്നിട്ടുണ്ട്. ആ കാര്യം എന്തായി എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അത് പ്രത്യേകം പരിശോധിക്കാം.

ശ്രീ. ജി. വരദൻ : *சந்தனம், தேக்கு, ஈட்டி இந்த மூன்று இனங்களில்பட்ட மரங்கள் வனத்திலும் ஒரு தனிப்பட்ட நபருடைய காட்டிலும் காய்ந்து கிடந்தால் வெட்டிக் கொண்டுபோக நியமத்தில் வகுப்பு உள்ளதா ?*

ശ്രീ. കെ. പി. നൂറുദ്ദീൻ : സ്വകാര്യ വ്യക്തികളുടെ കാട്ടിൽ ഉണങ്ങിപ്പോകുന്ന മരങ്ങൾ വെട്ടിയെടുക്കാൻ നിലവിലുള്ള നിയമത്തിൽ വ്യവസ്ഥയുണ്ട്.

ശ്രീ. ഇ. കെ. നായനാർ : വനവിഭവങ്ങളിൽ ആനക്കൊമ്പിനെപ്പറ്റിയും ആനക്കൊമ്പ് കയറ്റുമതിയെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ആനക്കൊമ്പിനുപകരം ഒട്ടകത്തിന്റെ എല്ല് ഉപയോഗിക്കുന്നു, പക്ഷേ എഴുതുന്നത് മുഴുവൻ ആനക്കൊമ്പ് എന്നാണ്. ഇതേക്കുറിച്ച് വല്ല വിവരവും ബഹുമാനപ്പെട്ട മന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ ? എത്ര കോടി രൂപ ഈയിനത്തിൽ ഉണ്ടാക്കിയിട്ടുണ്ട് ? എത്രകോടി രൂപയ്ക്ക് ഇവ കയറ്റിഅയച്ചിട്ടുണ്ട് എന്നുള്ളത് കണ്ടുപിടിക്കാൻ വല്ല മാർഗ്ഗവും ഉണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിൽ നിന്നും ആ വിവരം ഉൾക്കൊള്ളാൻ ഞാൻ തയ്യാറാണ്.

വിറകു ഡിപ്പോകൾ

*242 [263] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ജില്ലാ, താലൂക്ക് തലസ്ഥാനങ്ങളിലും വിറക് ഡിപ്പോകൾ സ്ഥാപിക്കുവാൻ നടപടി എടുക്കുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര വിറകു ഡിപ്പോകൾ നിലവിലുണ്ട് ;

(സി) ഹരിജനങ്ങൾക്കും കർഷകത്തൊഴിലാളികൾക്കും മറ്റു പിന്നോക്കക്കാർക്കും വിറകിന് വിലയിൽ ഇളവ് അനുവദിക്കാൻ നടപടി എടുക്കുമോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) വിറക് ലഭ്യത കുറവായതിനാൽ ഇപ്പോൾ സാദ്ധ്യമല്ല.

(ബി) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ വിറക് ഡിപ്പോകൾ ഒന്നും നിലവിലില്ല.

(സി) സർക്കാർ ഉടമയിൽ വിറക് ഡിപ്പോകൾ നിലവിലില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : പാചകഗ്യാസും വിറകുകളും ലഭിക്കാത്ത പ്രദേശങ്ങളിൽ വീട്ടാവശ്യങ്ങൾക്കുള്ള വിറക്, കൊടുക്കുമായിരുന്നു. ആ മാനദണ്ഡം സ്വീകരിച്ചുകൊണ്ട് പുതിയ വിറക് ഡിപ്പോകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : മുമ്പ് കേരളത്തിലെ ചില ജില്ലാ തലസ്ഥാനങ്ങളിൽ വിറക് ഡിപ്പോകളുണ്ടായിരുന്നു. ആ വിറക് ഡിപ്പോകളെല്ലാം ഒരു ഘട്ടം കഴിഞ്ഞ് പരിശോധിച്ചപ്പോൾ നഷ്ടത്തിലാണ് പൊയ്ക്കൊണ്ടിരിക്കുന്നത് എന്ന് കണ്ടു. ഇപ്പോൾ നാം ഡിപ്പോകൾ ആരംഭിച്ചാലും ഇഷ്ടംപോലെ വിറക് കൊടുക്കാൻ ഇല്ലാത്തതുകൊണ്ടാണ് അങ്ങനെയൊരു കാര്യം നടക്കാത്തത്.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : വിറക് ഡിപ്പോകൾ തുറക്കാൻ പ്രയാസമാണെന്ന് മന്ത്രി അറിയിച്ചിട്ടുള്ള ഈ സാഹചര്യത്തിൽ വീട്ടാവശ്യങ്ങൾക്കുവേണ്ട വിറക് കൊണ്ടുവരുമ്പോൾ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ പിടിച്ചുവയ്ക്കുന്നത്. ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതൊഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : നിലവിലുള്ള പാസ് വ്യവസ്ഥയനുസരിച്ച് വീട്ടാവശ്യത്തിനായാലും മറ്റാവശ്യങ്ങൾക്കായാലും വിറക് കൊണ്ടുപോകാം. ഇത് ദുരുപയോഗപ്പെടുത്തുന്ന ചില സന്ദർഭങ്ങളിൽ പിടിക്കുന്നുണ്ടായിരിക്കും. കേസ് ഏതാണെന്ന് പ്രത്യേകമായി പറഞ്ഞാൽ അത് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly